# കേരളസർവകലാശാല

നം.പി.ആർ.152/2023 തിരുവനന്തപുരം, തീയതി: 29/07/2023

## പത്രക്കുറിപ്പ്

**ഒന്നാം വർഷ ബി.എഡ് പ്രവേശനം 2023**
**രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**

കേരള സർവകലാശാലയുടെ 2023-24 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബി.എഡ് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/b.ed2023/) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗ് ഇൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ ഓഗസ്റ്റ് ഒന്നാം തീയതിക്ക് മുൻപായി നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്.അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി ഫീസ് അടച്ച അപേക്ഷകർ അവരവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.

**അപേക്ഷ ക്ഷണിച്ചു**

കേരളസർവകലാശാലയുടെ സെൻട്രൽ ലബോറട്ടറി ഫോർ ഇൻസ്ട്രുമെന്റേഷൻ & ഫെസിലിറ്റേഷൻ വിഭാഗത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറെ നിയമിക്കുന്നതിലേക്കായി അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് കേരളസർവകലാശാല വെബ്സൈറ്റിലെ ജോബ് നോട്ടിഫിക്കേഷൻ ലിങ്ക് (https://www.keralauniversity.ac.in/jobs) സന്ദർശിക്കുക.

കേരള സർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (UIMs) എം.ബി.എ.(ഫുൾ ടൈം) കോഴ്സുകളിലേക്കുള്ള 2023-24 വർഷത്തെ രണ്ടാം ഘട്ട പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നു. അവസാന തിയതി 2023 ജൂലൈ 31 രാത്രി 10.00 മണി. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

**സ്പോട്ട് അഡ്മിഷൻ**

കേരളസർവകലാശാല ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠന വകുപ്പിലെ എം.ടെക്ക് ടെക്നോളജി മാനേജ്മെന്റ് പ്രോഗ്രാമിലെ റിസർവേഷൻ സീറ്റുകളുൾപ്പെടെ ഒഴിവുകളുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.യോഗ്യത കുറഞ്ഞത് 55 ശതമാനം മാർക്കോടെ ഏതെങ്കിലും ബ്രാഞ്ചിൽ ബി.ടെക്ക് ബിരുദം. താത്പര്യം ഉള്ളവർ അസ്സൽ

സർട്ടിഫിക്കറ്റുകളുമായി 2023 ആഗസ്റ്റ് 2 നു രാവിലെ 10.30 ന് കാര്യവട്ടത്തുള്ള ഫ്യൂച്ചേഴ്സ് സ്റ്റഡീസ് വകുപ്പിൽ എത്തുക.

## പരീക്ഷാഫലം

കേരളസർവകലാശാല 2022 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ എൽ എൽ ബി/ ബി.കോം എൽ.എൽ.ബി/ ബി.ബി.എ എൽ.എൽ.ബി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 8 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജനുവരി 31 നു പ്രസിദ്ധീകരിച്ച നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ ജൂൺ 2022 ബിരുദ പരീക്ഷയുടെ പുതുക്കിയ റാങ്ക് ഫോട്ടോ ലിസ്റ്റ് (2020 അഡ്മിഷൻ) സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൈം ടേബിൾ

കേരളസർവകലാശാല 2023 ആഗസ്റ്റ് മാസം ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ/ബി.കോം/ബി.ബി.എ (റഗുലർ,സപ്ലിമെന്ററി & മെഴ്സി ചാൻസ്) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എസ്.ടി. സീറ്റ് ഒഴിവ്

കേരള സർവകലാശാലയുടെ ബോട്ടണി പഠന ഗവേഷണ വകുപ്പിൽ എം.എസ്സി ബോട്ടണി(സ്പെഷ്യലൈസേഷൻ ഇൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ)2023–2025 ബാച്ച് അഡ്മിഷന് എസ്.റ്റി സീറ്റ് ഒഴിവുണ്ട് . പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2023 ജൂലൈ 31 ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## കേരളസർവകലാശാല സെനറ്റ് ആഗസ്റ്റ് 4 ലേക്ക് മാറ്റി

2023 ജൂലൈ 29 ന് പകൽ 2 മണിക്ക് നടത്താൻ നിശ്ചയിച്ചിരുന്ന കേരളസർവകലാശാല സെനറ്റിന്റെ പ്രത്യേക യോഗം 2023 ആഗസ്റ്റ് 4–ാം തീയതി രാവിലെ 8.30 ന് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.സ്ഥലത്തിന് മാറ്റമില്ല.

## വാക്- ഇൻ- ഇന്റർവ്യൂ

കേരളസർവകലാശാല ലൈബ്രറി & ഇൻഫർമേഷൻ സയൻസ് വിഭാഗത്തിൽ പ്രോജക്ട് ഫെല്ലോയുടെ ഒരൊഴിവുണ്ട്. യോഗ്യത 55% ത്തിൽ കുറയാതെ എം എൽഐഎസ് സി/ എം. എസ്.ഡബ്ല്യു/ എം.എഡ് താത്പര്യം ഉള്ളവർ 2023 ആഗസ്റ്റ് 10 ന് രാവിലെ 11 മണിക്ക് കേരളസർവകലാശാലയുടെ പാളയത്തുള്ള ലൈബ്രറി & ഇൻഫർമേഷൻ സയൻസ് വിഭാഗത്തിൽ ഹാജരാകുക. . വിശദവിവരങ്ങൾക്ക് കേരളസർവകലാശാല വെബ്സൈറ്റിലെ ജോബ് നോട്ടിഫിക്കേഷൻ ലിങ്ക് (https://www.keralauniversity.ac.in/jobs) സന്ദർശിക്കുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**